ഉത്തരം

(എ) ബസ്സുകളുടെ എണ്ണം

കൽപ്പറ്റ	25
മാനന്തവാടി	36
സുൽത്താൻബത്തേരി	39
ആകെ	100

ജീവനക്കാരുടെ സ്ഥിതിവിവരം താഴെപ്പറയുന്നു :

ഡിപ്പോ	2006-ലെ എണ്ണം	2011-ലെ എണ്ണം
മാനന്തവാടി	387	453
കൽപ്പറ്റ	296	400
സുൽത്താൻബത്തേരി	483	613

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സുൽത്താൻ ബത്തേരി യൂണിറ്റ്

2006-നുശേഷം 9 പുതിയ സർവ്വീസുകൾ തുടങ്ങിയിട്ടുണ്ട്. അഞ്ച് സർവ്വീസുകൾ വിവിധ ഡിപ്പോകളിൽനിന്നും ബത്തേരിവരെ വന്നുപോകുന്നുണ്ട്.

കൽപ്പറ്റ

16 സർവ്വീസുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്. താമരശ്ശേരി ഡിപ്പോയിൽ നിന്നുംവരുന്ന പാലക്കാട്-കൽപ്പറ്റ സർവ്വീസ് കൽപ്പറ്റവന്ന് തിരികെപോകുന്നുണ്ട്. തൃശ്ശൂർ യൂണിറ്റിൽനിന്നും നാടുകാണിവഴി തൃശ്ശൂർ 13.30-നും 15 മണിക്കും കൽപ്പറ്റവന്ന് തിരികെ പോകുന്നുണ്ട്. കണ്ണൂർ യൂണിറ്റിൽനിന്നും 10.30-ന് കൽപ്പറ്റ വന്നുതിരികെ പോകുന്നുണ്ട്.

മാനന്തവാടി

10 സർവ്വീസുകൾ 2006-നുശേഷം പുതുതായി ആരംഭിച്ചിട്ടുണ്ട്. ചിറ്റൂരിൽനിന്നും 3 സർവ്വീസും നിലമ്പൂരിൽനിന്ന് ഒരു സർവ്വീസും മാനന്തവാടിയിൽ തിരികെ വന്നുപോകുന്നുണ്ട്.

മോട്ടോർ വാഹനവകുപ്പ് ജീവനക്കാരുടെ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ്

166 (616) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് ചട്ടങ്ങൾ പ്രകാരം കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ മോട്ടോർ വാഹന വകുപ്പിൽ എത്ര ഉദ്യോഗസ്ഥരാണ് പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കാത്തവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം മോട്ടോർ വാഹന വകുപ്പിൽ എത്ര ഉദ്യോഗസ്ഥരാണ് പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഉദ്യോഗസ്ഥർ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് നിർബന്ധമായും സമർപ്പിക്കണമെന്നത് സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് രേഖാമൂലം എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം ചുവടെ ചേർക്കുന്നു :

2006	865
2007	860
2008	1041
2009	1098
2010	1218

(ബി) അവിഹിത സ്വത്ത് സമ്പാദനം സംബന്ധിച്ച് എന്തെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ പരാതികളോ വിജിലൻസ് അന്വേഷണമോ ഉണ്ടാകുമ്പോൾ മേൽനടപടി സ്വീകരിക്കുന്നതാണ്, എന്നിരുന്നാലും സ്റ്റേറ്റ്മെന്റ് യഥാസമയം നൽകാത്തവർക്ക് ഉടൻ നൽകുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) 1218 പേർ.

(ഡി) 2008 മുതൽ ഈ വകുപ്പിൽ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പണം ഓൺലൈനാക്കിയിട്ടുണ്ട്. ഇപ്രകാരം നിർബന്ധമായും പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കാനായി കഴിഞ്ഞ മുന്നുവർഷക്കാലങ്ങളിലും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നിലവിലുള്ള ചട്ടപ്രകാരം മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്കും പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് നിർബന്ധമാണ്.

മാള ഡിപ്പോയിലേക്ക് നൽകിയിട്ടുള്ള ബസ്സുകൾ

167 (617) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. മാള ഡിപ്പോയിലേക്ക് നൽകിയിട്ടുള്ള പല ബസ്സുകളും കാലപഴക്കംമൂലം നിരന്തരമായി കേടുപാടുകൾ സംഭവിക്കുന്നതിനാൽ നിലവിലുള്ള പല റൂട്ടുകളിലും കൃത്യമായി സർവ്വീസ് നടത്താൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly